പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 460 — 12.06.2012 -ലെ മറുപടി

## ബോഡി നിർമ്മാണ വർക്ക് ഷോപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . പി. കെ. ഗുരുദാസൻ<br>" വി. ശിവൻകുട്ടി<br>" സി. കൃഷ്ണൻ<br>" കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി പുതിയ ബസുകൾ വാങ്ങുന്നതിനും സർവീസ് നടത്തുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | യാത്രക്കാർക്ക് പ്രയോജനപ്രദമായും കെ.എസ്.ആർ.ടി.സി.യ്ക്ക് ലാഭകരമായും നടത്തുവാൻ കഴിയുന്ന റൂട്ടുകളിൽ ബസ്സും, ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് ആരംഭിക്കുക എന്നതാണ് മാനദണ്ഡം. എന്നിരുന്നാലും ദേശസാൽകൃത റൂട്ടുകളിലും നോട്ടിഫൈഡ് റൂട്ടുകളിലും സർവ്വീസ് ആരംഭിക്കുന്നതിനാണ് കെ.എസ്.ആർ.ടി.സി മുൻഗണന നൽകുന്നത്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി ആയിരം ബസ്സുകൾ വാങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ പുതുതായി എത്ര ബസ്സുകൾ നിരത്തിലിറക്കി; ഏതെല്ലാം ജില്ലകളിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രഖ്യാപിച്ചിട്ടുണ്ട്.<br>പുതുതായി നിരത്തിലിറക്കിയ ബസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | ബസ്സുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 61 |
| കൊല്ലം | 31 |
| ആലപ്പുഴ | 27 |
| പത്തനംതിട്ട | 14 |
| എറണാകുളം | 29 |
| കോട്ടയം | 28 |
| ഇടുക്കി | 20 |
| മലപ്പുറം | 12 |
| തൃശ്ശൂർ | 18 |
| പാലക്കാട് | 10 |
| കോഴിക്കോട് | 24 |
| വയനാട് | 10 |
| കണ്ണൂർ | 13 |
| കാസർഗോഡ് | 4 |
| ആകെ | 301 |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പുകളിൽ എത്ര ബസ്സുകൾ ഈ സർക്കാർ വന്ന ശേഷം ബോഡി നിർമ്മാണം പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ; | (സി) | 301 ബസ്സുകൾ കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മാണം പൂർത്തിയാക്കി നിരത്തിലിറക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ബോഡി നിർമ്മാണ വർക്ക് ഷോപ്പുകളിലെ സംവിധാനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തി വരുന്നു. ജോലിഭാരം ലഘൂകരിച്ച് ഉൽപ്പാദനക്ഷമത കൂട്ടുന്നതിനാവശ്യമായ ന്യൂമാറ്റിക് റിവറ്റ് ഗൺ, ന്യൂമാറ്റിക് റെഞ്ച്, ഹാൻസ് ഗ്രൈൻഡർ എന്നിവ കൂടുതൽ വാങ്ങുന്നതിനും പഴയ വെൽഡിംഗ് സെറ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് കൂടുതൽ ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.<br><br>ബസ് ബോഡി നിർമ്മാണത്തിനുള്ള സുപ്രധാന സാമഗ്രികളുടെ വാങ്ങലിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ വ്യവഹാരമുണ്ടായതിനാൽ പ്രസ്തുത സാധനങ്ങളുടെ കേന്ദ്രീകൃത വാങ്ങൽ തടസ്സപ്പെട്ടതുമൂലവും, ജീവനക്കാരുടെ കുറവ്മൂലവും ബസ് ബോഡി നിർമ്മാണം പൂർണ്ണ ശേഷിയിൽ നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. തൻമൂലം കുറെ ചേസ്സിസ്സുകൾ യഥാസമയം ബോഡി നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ബോഡി നിർമ്മാണത്തിന് സാമഗ്രികളുടെ അപര്യാപ്തത കൊണ്ട് ചെയ്സിസുകൾ മഴയും വെയിലുമേറ്റ് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ